# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5711** — **28-03-2018-ൽ മറുപടിക്ക്**

**ടെക്നോപാർക്ക്- എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി**

**ചോദ്യം** — **മറുപടി**

**ശ്രീ.വി.പി.സജീന്ദ്രൻ** — **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതിക്ക് കരാർ ഒപ്പുവച്ചിട്ടുണ്ടോ; | എ) | തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി US ആസ്ഥാനമായ ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ്സും ഇന്ത്യൻ നിർമ്മാണ കമ്പനിയായ എംബസി പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതിക്ക് 14.03.2018-ൽ കരാർ ഒപ്പുവെച്ചത്. |
| ബി) | ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത് എന്തൊക്കെയാണ്; എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളത്; പാട്ടക്കരാർ എത്ര വർഷമാണ്; | ബി) | ഈ പദ്ധതിയിലൂടെ 12.12 ഏക്കറിൽ ഐ.ടി./ഐ.ടി.ഇ.എസ് (പ്രത്യേക സാമ്പത്തിക മേഖലയിൽ 10 ഏക്കറും, പ്രത്യേക സാമ്പത്തിക മേഖലയിലല്ലാതെ 2.12 ഏക്കറും) വ്യവസായ സംരംഭങ്ങളും Non SEZ മേഖലയിലുള്ള 7.61 ഏക്കറിൽ ഷോപ്പിംഗ്മാൾ, 175 മുറികളുള്ള ബിസിനസ്സ് ഹോട്ടൽ കൺവെൻഷൻ സെന്റർ എന്നിവയുൾപ്പെട്ട സംരംഭങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ആകെ 19.73 ഏക്കർ ഭൂമിയാണ് പ്രസ്തുത കമ്പനിക്ക് 90 വർഷത്തെ |

| | | | |
|---|---|---|---|
| | | | പാട്ടക്കരാർ അടിസ്ഥാനത്തിൽ നൽകി യിട്ടുള്ളത്. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ച ഡൗൺ ടൗൺ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | സി) | മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ച ടോറസ് ഡൗൺടൗൺ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. ടോറസ് ഡൗൺടൗൺ പദ്ധതിയുടെ പേര് മാറ്റി ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി എന്ന പുതിയ പേരിലാണ് ആ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. |
| ഡി) | സംസ്ഥാനത്തെ ഐ.റ്റി മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഉണ്ടാകും എന്നാണ് കരുതുന്നത്? | ഡി) | ടോറസ് എംബസി വേൾഡ് ടെക്നോളജി സെന്റർ പദ്ധതി കേരളത്തിലെ ഐ.ടി മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2000 കോടി മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയിൽ 33 ലക്ഷം ച.അടി. ഐ.ടി. കെട്ടിട സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷത്തിലേറെ പേർക്ക് പ്രത്യക്ഷമായും പരോക്ഷമായുള്ള തൊഴിലവസരങ്ങൾ ലഭിക്കും. പദ്ധതിയുടെ ആദ്യഘട്ടം 2020-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ